പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 7232

16/07/2012-ൽ മറുപടി
നല്കേണ്ടിയിരുന്നത്

ഇടമുളയ്ക്കൽ പഞ്ചായത്തിലെ മിച്ചഭൂമി ലാന്റ് ബാങ്കിൽ
ഉൾപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാജു | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിൽ ഇടമുളയ്ക്കൽ പഞ്ചായത്തിൽ മിച്ചഭൂമിയായി പ്രഖ്യാപിച്ച സ്ഥലം ജന്മികൾ ഇപ്പോഴും കൈവശം വച്ചിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) കൊല്ലം ജില്ലയിൽ ഇടമുളയ്ക്കൽ പഞ്ചായത്തിൽ റീസർവ്വെക്ക് മുമ്പ് മിച്ചഭൂമിയായി പ്രഖ്യാപിച്ചിരുന്ന സ്ഥലം റീസർവെക്ക് ശേഷം കൈവശ കക്ഷികളുടെ തണ്ടപ്പേരിൽ ചേർന്നു വന്നിട്ടുള്ളതും എന്നാൽ ആയത് വീണ്ടും മിച്ച ഭൂമിയായി രേഖകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇപ്രകാരമുള്ള 1.1049 ഹെക്ടർ സ്ഥലം റീസർവെയിലെ അപാകത പരിഹരിച്ച ശേഷം ലാന്റ് ബാങ്കിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) എങ്കിൽ ആയത് ലാന്റ് ബാങ്കിൽ പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (ബി) റീസർവെയിലെ അപാകം പരിഹരിക്കുന്ന മുറയ്ക്ക് ടി ഭൂമി ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്. |
| (സി) പ്രസ്തുത വില്ലേജിൽ കുത്തകപ്പാട്ടം വ്യവസ്ഥയിൽ കൊടുത്തിട്ടുള്ളതും കുത്തകപ്പാട്ട വ്യവസ്ഥകൾ ലംഘിച്ച് റബ്ബർ കൃഷി ചെയ്തു വരുന്നതുമായ ഭൂമി ലാന്റ് ബാങ്കിൽ എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) കൊല്ലം ജില്ലയിൽ ഇടമുളയ്ക്കൽ വില്ലേജിൽ സർവെ 131 ൽപ്പെട്ട 1 ഏക്കർ 80 സെന്റ് സ്ഥലം സമീപവാസികൾ കയ്യേറി റബ്ബർ കൃഷി ചെയ്തുവരുന്നു. പ്രസ്തുത സ്ഥലം കുത്തകപ്പാട്ട ഭൂമിയല്ലാത്തതും, വില്ലേജ് റിക്കാർഡുകൾ പ്രകാരം പുറമ്പോക്ക് പാറ സ്ഥലമായി കാണപ്പെടുന്നതുമാണ്. പ്രസ്തുത സ്ഥലത്തെ മൂന്ന് കൈയേറ്റങ്ങൾക്കെതിരെ എൽ.സി. കേസെടുത്ത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. |

എന്നാൽ ടി വിഷയം സംബന്ധിച്ച് സിവിൽ കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ എൽ.സി. കേസിന്മേൽ തീരുമാനം അന്തിമമായി എടുത്തിട്ടില്ല. സിവിൽ കേസിന്റെ തീരുമാനമായ ശേഷം മാത്രമേ ടി ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ